**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2313** **16-03-2022 - ൽ മറുപടിയ്ക്ക്**

**പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ** | | **null**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് സ്ഥിതിചെയ്യുന്ന റവന്യൂ ഭൂമിയിന്മേൽ അവകാശം സ്ഥാപിച്ചുകൊണ്ട് സ്വകാര്യ വ്യക്തിയെ സ്റ്റേ നേടുന്നതിന് സഹായിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ; | (എ) | പ്രസ്തുത കേസുമായി ബന്ധപ്പെട്ട് സ്വകാര്യവ്യക്തിയെ സ്റ്റേ നേടുന്നതിന് ഉദ്യോഗസ്ഥരാരും സഹായിച്ചതായി രേഖകളിൽ നിന്നും വ്യക്തമായിട്ടില്ല. എങ്കിലും വിശദമായ അന്വേഷണം നടത്തി ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ; | (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നടപടികൾ സുതാര്യവും, സുഗമവുമാക്കി, സേവനങ്ങൾ ഒരു കുടക്കീഴിൽ മുഴുവൻ സമയവും പൊതുജനങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിലേക്കായി പഞ്ചായത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം) വികസിപ്പിച്ച സോഫ്റ്റ്വെയർ ആയ Integrated Local Government Management System (ILGMS) സോഫ്റ്റ് വെയർ 309 ഗ്രാമപഞ്ചായത്തുകളിൽ വിന്യസിച്ചിട്ടുണ്ട്. പ്രസ്തുത പഞ്ചായത്തുകളിലെ പൊതുജനങ്ങൾക്ക് സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്ത ശേഷം അവരുടെ ലോഗിനിലൂടെ പഞ്ചായത്തുകൾ നൽകിവരുന്ന 213 സേവനങ്ങൾക്കു ഓൺലൈൻ ആയി അപേക്ഷ അയക്കുന്നതിനും ഓൺലൈൻ ആയി തന്നെ തുക ഒടുക്കുന്നതിനുള്ള സംവിധാനവും ലഭ്യമാക്കിയിട്ടുണ്ട്. ശേഷിക്കുന്ന 632 ഗ്രാമപഞ്ചായത്തുകളിൽ ഓൺലൈനിൽ അപേക്ഷിക്കുന്നതിനും, അപേക്ഷയോടൊപ്പം നൽകാനുള്ള ഫീസുകൾ ഓൺലൈനിൽ അടയ്ക്കുന്നതിനും സർക്കാർ നിർദ്ദേശപ്രകാരം ILGMS ന്റെ ഭാഗമായി പ്രത്യേകം സിറ്റിസൺ പോർട്ടൽ വിന്യസിച്ചിട്ടുണ്ട്. സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി 2022 ഏപ്രിൽ മാസത്തിൽ ശേഷിക്കുന്ന 632 ഗ്രാമപഞ്ചായത്തുകളിലും ILGMS സോഫ്റ്റ് വെയർ വിന്യസിക്കുന്നതിനും |

| | | | |
|---|---|---|---|
| | | | തീരുമാനിച്ചിട്ടുണ്ട്. ആയതിന് ജീവനക്കാർക്ക് പരിശീലനം നൽകുന്നതുൾപ്പെടെയുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്. നഗരസഭകളുടെ അടിസ്ഥാന സൗകര്യം വികസിപ്പിച്ച് എല്ലാ നഗരസഭകളെയും ഐ.എസ്.ഐ നിലവാരത്തിലെത്തിക്കുന്ന തിനുള്ള കാര്യപരിപാടി ആരംഭിച്ചിട്ടുണ്ട്. ഈ ആവശ്യത്തിനായി 26.10.21 -ലെ സ.ഉ(സാധാ) നം.2096/2021/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കിലയെ ഇതിന്റെ കൺസൾട്ടൻസി ആയി ചുമതലപ്പെടുത്തിയിട്ടുണ്ട്. എല്ലാ നഗരസഭകളെയും ഐ.എസ്.ഐ നിലവാരത്തിലെത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്ത് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരിക്കുന്നതുവഴി കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് സാധിക്കും. വിവിധ തട്ടുകളിൽ നടക്കുന്ന പ്രാദേശിക ആസൂത്രണ പ്രവർത്തനങ്ങളുടെ ഏകോപനം സാധ്യമാക്കുന്നതിനും തദ്ദേശസ്വയംഭരണ പൊതുസർവ്വീസിലൂടെ സാധിക്കും. വ്യത്യസ്ത തലങ്ങളിലായി നിൽക്കുന്ന അഞ്ച് വകുപ്പുകൾ ഏകീകരിക്കുന്നതോടു കൂടി ഭരണരംഗത്ത് ആസൂത്രണത്തിലുണ്ടാകുന്ന വലിയ മാറ്റങ്ങളുടെ പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കുന്നതാണ്. അതോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമതയും വികസന നേട്ടങ്ങളും ഉയർത്തുന്നതിനും പ്രാദേശിക വികസനത്തിൽ ഏകോപനവും സംയോജനവും ഉറപ്പാക്കുന്നതിനും കഴിയും. |
| (സി) | ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി നഗരസഭ ഓഫീസുകളിൽ ഓൺലൈൻ സേവനങ്ങൾ നടപ്പിലാക്കുന്ന പദ്ധതി പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ; | (സി) | വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം പൂർണ്ണമായും പ്രയോജനപ്പെടുത്തി നഗരസഭകളിൽ എത്താതെ തന്നെ പൊതുജനങ്ങൾക്ക് സേവനം ലഭിക്കുന്നതിനുവേണ്ടി വിവിധ വെബ് ആപ്ലിക്കേഷൻ നടപ്പിലാക്കിയിട്ടുണ്ട്. സിറ്റിസൺ പോർട്ടൽ വഴി നിലവിൽ 213 സേവനങ്ങൾ ജനങ്ങൾക്ക് ഓൺലൈൻ ആയി നൽകി വരുന്നുണ്ട്. കൂടാതെ കെട്ടിട നിർമ്മാണ അപേക്ഷകൾ ഐബിപിഎംഎസ് വഴിയും തൊഴിൽ നികുതി ഒടുക്കുന്നതിന് ഓൺലൈൻ സംവിധാനവും ഏർപ്പെടുത്തി യിട്ടുള്ളതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിർവ്വഹണവും സേവനവിതരണ സംവിധാനവും പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനും കടലാസ് രഹിത ഡിജിറ്റൽ സ്ഥാപനമായി |

| | | | |
|---|---|---|---|
| | | | പരിവർത്തനപ്പെടുത്തുന്ന തിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇ-ഗവേണൻസ് കമ്മിറ്റിയും, ഇ-ഗവേണൻസ് കൺസോർഷ്യവും, പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റും രൂപീകരിച്ചുകൊണ്ട് അർബൻ ഈആർപി വഴി നടപ്പിലാക്കുന്നതിന് 18.02.2022-ലെ G.O(Ms)27/22/LSGD പ്രകാരം ഉത്തരവായിട്ടുള്ളതാണ്. |
| (ഡി) | തിരുവനന്തപുരം നഗരസഭ കഴക്കൂട്ടം ഇലക്ട്രിക് ക്രിമറ്റോറിയം പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ; ഈ പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്ന് അറിയിക്കാമോ? | (ഡി) | സിവിൽ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മെക്കാനിക്കൽ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് ആറു മാസത്തിനകം കമ്മീഷൻ ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ